പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3512 — 25.06.2012 ൽ മറുപടിക്ക്

## അനധികൃത ചിട്ടികമ്പനികളുടെ നിയന്ത്രണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | കേരളത്തിലെ സ്വകാര്യമേഖലയിലുള്ള ചിട്ടികമ്പനികൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത് എന്ന് സംസ്ഥാന ആഭ്യന്തര വകുപ്പിന് കേന്ദ്ര ഇന്റലിജൻസിൽ നിന്നും വിവരം ലഭിച്ചിട്ടുണ്ടോ; | (എ) | ലഭിച്ചിട്ടില്ല. |
| (ബി) | അനധികൃത ചിട്ടികമ്പനികളെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | കേന്ദ്ര നിയമമായ 1982 ലെ ചിറ്റ് ഫണ്ട്സ് ആക്ടിന് കീഴിൽ സംസ്ഥാനത്തിന്റെ ചട്ടങ്ങൾ രൂപീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ചിട്ടി മേഖലയെ സുതാര്യവും നിയന്ത്രണ വിധേയവുമാക്കാനുള്ള വ്യവസ്ഥകൾ കേന്ദ്രനിയമത്തിലുണ്ട്. നടപടികളുടെ തുടക്കമായി അച്ചടി-ദൃശ്യ മാധ്യമങ്ങളിൽ വലിയ സമ്മാനങ്ങളും വാഗ്ദാനങ്ങളുമായി നൽകപ്പെടുന്ന ചിട്ടി പരസ്യങ്ങളെ കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും 05.06.2012 ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര ചിട്ടി ആക്ട് അനുസരിച്ച് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യാത്ത ഒരു ചിട്ടി തുടങ്ങുന്നതും അതു സംബന്ധിച്ച് പരസ്യം നൽകുന്നതും രണ്ടുവർഷം വരെ ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. അനധികൃതമായി പ്രവർത്തിക്കുന്ന ചിട്ടിക്കമ്പനികൾക്കെതിരെ അടിയന്തിര നടപടി സ്വീകരിക്കു |

ന്നതിന്റെ ഭാഗമായി അതാതു ജില്ലകളിലെ ഡിസ്ട്രിക്ട് രജിസ്ട്രാറോടുകൂടി പരിശോധന നടത്തുന്നതിനും നിയമം ലംഘിച്ചിട്ടുള്ളവരുടെ പേരിൽ നിയമനടപടി സ്വീകരിക്കുന്നതിനും പ്രസ്തുത ജില്ലകളിലെ പോലീസ് സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ